# ഓതിക്കൻ

''ഇന്നു ഞാൻ നിന്നെ 'ച്ചൊല്ല'ലപ്പടി തീർന്നേ വിടൂ
തിന്നുവാൻ,'' വടുവോടു ചൊല്ലിനാൻ തന്നോതിക്കൻ.

നിന്ന നിൽപിൽത്താൻ നിന്നാൻ തെല്ലിട തുറുങ്കണ്ണൊ,
ത്തെന്നിട്ടുദ്ധതഭാവം പൂണ്ടോതീ ദൃഢസ്വരം;

''കരഞ്ഞോ കഴുതേ, നീ! നേരെയാവണമെങ്കിൽ–
ത്തറവാടിന്നിത്തിരി സുകൃതമുണ്ടാവണ്ടേ?

തിന്നണം കളിക്കണം, തിന്നണം കളിക്കണം:
കണ്ണു തെറ്റിയാൽച്ചാടാൻ കാത്തിരിപ്പാണെപ്പോഴും.

'ഊക്ക' ലി;– 'ല്ലുപസ്ഥാനം' പിന്നതാണുണ്ടാവുന്നു!
പോക്കിരിത്തവും കാട്ടിത്തെണ്ടണമതു തന്നെ!

കുരങ്ങൻ! കണ്ടാൽ മതി!യെന്തെടാ പിളുത്തുന്ന–
തൊ,രിക്കൽക്കഥകഴിച്ചാലെന്തിപ്പറയനെ?

ഇത്തിരി വേണ്ടേ 'ചുത്താചുത്ത' മൊരാളായാലി–
ബ്ബൗദ്ധനെക്കണ്ടാൽക്കാലു കഴുകീടണമാരും.

'വീട്ടി' യെക്കാളും മുമ്പനാണെന്നു ഗോഷ്ടിത്തവും
കാട്ടുവാൻ, – എന്താ ചാരാൻ കോസറി വരുത്തണോ?''

മധ്യാഹ്നമാവാറായീ ഭവദാസനിന്നുണ്ണാ–
നെത്തിയിട്ടില്ലാ നേരം; 'ചൊല്ല' ലു കഴിയണ്ടേ?

ഇന്നലെപ്പകലുണ്ടതാണയാൾ, ക്ഷുൽക്ഷീണത്താൽ–
പ്പിന്നിലെച്ചുമർ ചാരി 'പ്പത്തുരു' കഴിക്കുന്നു.

വിളറി വിവശമായാ മുഖം, കൊടുംചൂടിൽ–
ത്തളർന്നു കിടക്കുന്ന താളിയന്റെയിലപോലെ!

മിഴിനീർ ചിന്തുന്നുണ്ടക്കവിളിൽ, ഗ്ഗുരുവിന്റെ
പഴി കേൾക്കവേ ശബ്ദമിടറുന്നതോടൊപ്പം.

ഇന്നലെ വിരിഞ്ഞിതാം പൂങ്കോഴിച്ചോരക്കുഞ്ഞോ–
ടിന്നേയ്ക്കു പരുന്തിന്നു വൈരമെങ്ങനെയുണ്ടായ്!

അങ്ങവൻ ചവച്ചിറക്കീടണംപോലും വെറും–
'ചങ്ങത'ക്കൽത്തുണ്ടങ്ങൾ കൽത്തുണ്ടത്തുണ്ടംപോലെ.

അർത്ഥമു 'ണ്ടോത്തി' ന്നുമെന്നറിഞ്ഞോനല്ലപ്പാവം:
വ്യർത്ഥതയിലാണല്ലോ മാമൂലിൻ ബീജാവാപം.

വേദാബ്ധിയൊറ്റയ്ക്കൊന്നിച്ചാചമിക്കുവാൻ പോന്ന
വീരനാമഗസ്ത്യനാണോതിക്കൻ തിരുമേനി;

അറിയാത്തതാണായാൾ പോലുമീ വേദത്തിന്നു
പൊരുളുണ്ടെന്ന കഥ; യെന്നിട്ടല്ലയോ ബാലൻ?

''മുഴക്കിക്കബളിച്ചു ചാടാനോ ഭാവം, നീയെൻ––
മുഴങ്കൈയ്ക്കെഴും സ്വാദൊന്നറിയാൻ കൊതിക്കുന്നോ?''–

ഉണ്ണിതൻ മൂർദ്ധാവിങ്കൽക്കിഴുക്കു സമ്മാനിച്ചാൻ
തിണ്ണമഗ്ഗുരുഭൂതനോട്ടുകിണ്ടിയാലപ്പോൾ.

അയ്യയ്യോ! ഗതബോധനായ് വീണ കുമാരന്റെ
മെയ്യാകെച്ചെഞ്ചോരയിൽക്കുളിച്ചൂ പൊടുന്നനെ.

ഇദ്ദുരിതത്തിൻകഥ പരത്താൻ പുറപ്പെട്ട
മദ്രസനതൻ പാപമസ്തമിപ്പതെന്നാവോ!

ഌഌഌ

വിറയ്ക്കും ചൊടി, തെറ്റിത്തെറിച്ച നയനങ്ങൾ,
വിവിധവികാരോദ്വേഗോഷ്മളനിശ്വാസങ്ങൾ

ഭീതനായ്പ്പിടഞ്ഞെത്തീ ഭവദാസൻതൻ പിതാ–
വോതിക്കൻ 'തേവാരി' ക്കും സ്ഥലത്താ വിഭാതത്തിൽ;

''ഓതിക്കൻ, കാണാനില്ലാഭവദാസനെ'' പ്പിന്നീ–
ടോതുവാൻ കണ്ടില്ലൊന്നും പുത്രവത്സലനച്ഛൻ.

'അഷ്ടകം' പിടിച്ച കൈവേറെയായ്, വീണൂ താഴെ–
ച്ചൊട്ടച്ചാൺ 'സ്വാധ്യായ' പ്പുല്ലോ, തിക്കൻ നടുങ്ങിപ്പോയ്:

ഉച്ചരിച്ചീലദ്ദേഹമുത്തരം; സമയമൊ–
ട്ടുച്ചയാംവരെക്കുത്തിയിരുന്നാനനങ്ങാതെ.

മെല്ലവേ മിഴി രണ്ടും നിറഞ്ഞൂ; നിലത്തുള്ള
പുല്ലുകൾ കണ്ണീർ വീണു വീണമ്പേ കുതിർന്നുപോയ്.

ഉടുവസ്ത്രത്തിന്നിണയെന്നിയേ പടികട
ന്നീടവേ ചൊന്നാൻ: ''പോണൂ ഗംഗയിൽ സ്നാനം ചെയ്യാൻ!''